# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 8

# വാർത്താക്കുറിപ്പ്

---

### ബി.എ./ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാകേന്ദ്രം

അഞ്ചും ആറും സെമസ്റ്റർ ബി.എ./ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ - സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 15 മുതൽ ആരംഭിക്കും. പരീക്ഷ കേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/460/2019)

### എം.ഫിൽ പ്രവേശന പരീക്ഷ

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ 2018-19 എം.ഫിൽ പ്രോഗ്രാം പ്രവേശന പരീക്ഷ മാർച്ച് 13ന് രാവിലെ 10.30ന് പഠനവകുപ്പിൽ നടക്കും. ഫോൺ: 0481-2731034.

(പി.ആർ.ഒ./39/461/2019)

### എം.ഫിൽ സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ 2018-19 എം.ഫിൽ ബിസിനസ് സ്റ്റഡീസ് ബാച്ചിൽ പട്ടികവർഗ വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. എം.ബി.എ., എം.കോം, എം.എച്ച്.ആർ.എം., എം.എ. ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ 50 ശതമാനം മാർക്ക് വാങ്ങിയ ഗവേഷണ വിദ്യാർഥികൾ അസൽ രേഖകളുമായി മാർച്ച് 13നകം പഠനവകുപ്പിൽ എത്തണം. ഫോൺ: 0481-2732288.

(പി.ആർ.ഒ./39/462/2019)

### എം.ബി.എ. പ്രവേശനം; മാർച്ച് 31 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2019 അധ്യയന വർഷത്തെ എം.ബി.എ. കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in, www.admission.mgu.ac.in എന്നീ വെബ്സൈറ്റിലും പഠനവകുപ്പിലും ലഭ്യമാണ്. അപേക്ഷ മാർച്ച് 31 വരെ സ്വീകരിക്കും. ഫോൺ: 0481-2732288.

(പി.ആർ.ഒ./39/463/2019)

### പരീക്ഷ ഫലം

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. മദ്ദളം, വയലിൻ, മോഹിനിയാട്ടം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/464/2019)

### ഗസ്റ്റ് അധ്യാപക ഒഴിവ്; അഭിമുഖം മാർച്ച് 19ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സൈക്കോളജി വിഷയത്തിലുള്ള ഒഴിവിലേക്ക് ഗസ്റ്റ് അധ്യാപകനെ നിയമിക്കുന്നു. താല്പര്യമുള്ളവർ യോഗ്യത രേഖകളുമായി മാർച്ച് 19ന് രാവിലെ 10.30ന് നടക്കുന്ന അഭിമുഖത്തിന് എത്തണം. ഫോൺ: 0481-2731034.

(പി.ആർ.ഒ./39/465/2019)

## എം.ജി.യിൽ ഫൈസൽ ദേവ്ജിയുടെ പ്രഭാഷണം മാർച്ച് 12ന്

ഓക്സ്ഫോർഡ് സർവകലാശാലയിലെ ഇന്ത്യ ചരിത്ര വിഭാഗം പ്രൊഫസറും കോളമിസ്റ്റുമായ ഫൈസൽ ദേവ്ജിയുടെ പ്രഭാഷണം മാർച്ച് 12ന് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടക്കും. രാവിലെ 11.30ന് 'ഗാന്ധി വംശീയതയ്ക്കെതിരെ' എന്ന വിഷയത്തിലാണ് പ്രഭാഷണം.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹായത്തോടെയാണ് പ്രഭാഷണ പരിപാടി സംഘടിപ്പിക്കുന്നത്. അഞ്ച് വിഷയങ്ങളിൽ അഞ്ചിടങ്ങളിലായി സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയുടെ ആദ്യ പ്രഭാഷണമാണിത്. മാർച്ച് 17, 19 തീയതികളിൽ കൊച്ചിയിലും കോഴിക്കോട്ടും ഫൈസൽ ദേവ്ജി പ്രഭാഷണം നടത്തും. ഗാന്ധി പഠന മേഖലയിൽ ശ്രദ്ധേയമായ 'ഗാന്ധി ഇംപോസിബിൾ ഇന്ത്യൻ' എന്ന പുസ്തകത്തിന്റെ കർത്താവാണ് ഫൈസൽ ദേവ്ജി.

(പി.ആർ.ഒ./39/466/2019)

## വായു മലിനീകരണം; രാജ്യാന്തര സെമിനാറിന് എം.ജി.യിൽ ഇന്ന് (മാർച്ച് 8) തുടക്കം

വായു മലിനീകരണവും നിരീക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് സംഘടിപ്പിക്കുന്ന രാജ്യാന്തര സമ്മേളനത്തിന് ഇന്ന് (മാർച്ച് 8) സർവകലാശാല കാമ്പസിൽ തുടക്കമാകും. രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ. ഇ.വി. രാമസാമി അധ്യക്ഷത വഹിക്കും.

കൈപ്പുസ്തകത്തിന്റെ പ്രകാശനം എ.സി.ഇ.എസ്.എസ്.ഡി. ഡയറക്ടർ ഡോ. എ.പി. തോമസ് നിർവ്വഹിക്കും. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അജിത് ഹരിദാസ് മുഖ്യ പ്രഭാഷണം നടത്തും. സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എൻ. കൃഷ്ണൻ, പ്രൊഫ. സി.ടി. അരവിന്ദകുമാർ, ഡോ. മഹേഷ് മോഹൻ എന്നിവർ പങ്കെടുക്കും. വിവിധ വിഷയങ്ങളിൽ വിനയ് പി. അനീജ (അമേരിക്ക), ജോൺ വെഗ്നർ (അയർലന്റ്), യോഷിസുമി കാജി (ജപ്പാൻ), അഭിജിത് ചാറ്റർജി, എം. വേലൻ, ഇ.വി. രാമസാമി, ജോൺ റിച്ചാർഡ് തോമസ്, കെ. സൗമ്യ, നന്ദിത സി., മൊഹമ്മദ് ഷഹറുൾ മൊഹമ്മദ് നദ്സീർ (മലേഷ്യ), മുകേഷ് ശർമ്മ (ഐ.ഐ.ടി. കാൺപൂർ), കെ.പി. പ്രതീഷ്, അലാംഹവിഷ്, പി. ശ്രീജ, അമിത് കുമാർ യാദവ്, എം.എസ്. ശൈലേഷ്, എൽ. സ്റ്റാൻലി എബ്രഹാം, എൻ.പി. ശ്രീകാന്ത്, അജയ് ഹരിത് എന്നിവർ പ്രബന്ധം അവതരിപ്പിക്കും.

നാളെ (മാർച്ച് 10) മുകുന്ദ എം. ഗൊഗോയ്, ഷുംകോ കാട്ടോ (ജപ്പാൻ), സൂസൻ ബെർട്ടിംഗ്ടൺ (ബ്രിട്ടൺ), തീർഥാങ്കർ ബാനർജി, പുണ്യമൂർത്തി കൃഷ്ണദാസ്, എസ്.കെ. ചന്ദ്രലേഖ, പി.എസ്. ദിവ്യ, വി.എസ്. ചിത്ര, കെ.എ. നിഷാദ്, എം. അബ്ദുൾ ഷുക്കൂർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. മാർച്ച് 11ന് കോൺഫറൻസ് സമാപിക്കും.

(പി.ആർ.ഒ./39/467/2019)

## 'സൈബർ ആക്രമണം; സ്ത്രീ പ്രധാന ഇര'

സൈബർ ആക്രമണങ്ങളിൽ സ്ത്രീകൾ പ്രധാന ഇരകളാക്കപ്പെടുന്നതായി സൈബർ അക്കാദമി ആന്റ് ഫോറൻസിക് എജ്യൂക്കേഷൻ ഡയറക്ടർ വികാസ് ഗോപിനാഥ് പറഞ്ഞു. രാജ്യാന്തര വനിതാ ദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ വിഭാഗം സംഘടിപ്പിച്ച പരിപാടിയിൽ 'സൈബർ അക്രമണങ്ങളിൽ നിന്നും സമൂഹത്തെയും സ്ത്രീകളെയും സംരക്ഷിക്കുക' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വളരെ കുറച്ച് മാത്രം സ്വകാര്യ വിവരങ്ങൾ സൈബർ ഇടങ്ങളിൽ പങ്കുവയ്ക്കുക, ആധികാരികമല്ലാത്ത വെബ്സൈറ്റുകൾ ഉപയോഗിക്കാതിരിക്കുക എന്നിവ സുരക്ഷയ്ക്ക് പ്രധാനമാണ്. ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ചോദിച്ച് എത്തുന്ന ഫോൺ വിളികളും സൈബർ അക്രമത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം പറഞ്ഞു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഡോ. ആർ.എസ്. സന്ധ്യ അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ./39/468/2019)

**സിൻഡിക്കേറ്റ് യോഗം മാർച്ച് 18ന്**

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം മാർച്ച് 18ന് രാവിലെ 10.30ന് സർവകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/469/2019)

**സൗജന്യ സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷ പരിശീലനം; സീറ്റൊഴിവ്**

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക് തസ്തികയിലേക്ക് കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്ക് സൗജന്യ തീവ്രപരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഏതാനും സീറ്റൊഴിവുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ സർവകലാശാല എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയിൽ മാർച്ച് 11 മുതലാണ് പരിശീലനം. വിശദവിവരത്തിന് ഫോൺ: 7559940413, 0481-2731025.

(പി.ആർ.ഒ./39/470/2019)

**എം.ജി.യിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ,**

**ഫിനാൻസ് ഓഫീസർ സ്ഥാനമൊഴിഞ്ഞു; പകരം ചുമതല**

മഹാത്മാ ഗാന്ധി സർവകലാശാല രജിസ്ട്രാറുടെ പൂർണ അധിക ചുമതല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ മേധാവി ഡോ. കെ. സാബുക്കുട്ടനും പരീക്ഷ കൺട്രോളറുടേത് സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫ. ഡോ. ബി. പ്രകാശ് കുമാറിനും ഫിനാൻസ് ഓഫീസറുടേത് ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്) വത്സമ്മ കരുണാകരനും നൽകി ഉത്തരവായി. സർവകലാശാല നിയമം ഭേദഗതി ഓർഡിനൻസ് പ്രകാരം രജിസ്ട്രാർ എം.ആർ. ഉണ്ണി, പരീക്ഷ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ, ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന എന്നിവർ സ്ഥാനമൊഴിഞ്ഞതിനെത്തുടർന്നാണ് നടപടി.

(പി.ആർ.ഒ./39/471/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 8

# വാർത്താക്കുറിപ്പ് 2

---

**വായു മലിനീകരണം; രാജ്യാന്തര സെമിനാറിന്**
**എം.ജി.യിൽ ഇന്ന് (മാർച്ച് 9) തുടക്കം**

വായു മലിനീകരണവും നിരീക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല സ് കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് സംഘടിപ്പിക്കുന്ന രാജ്യാന്തര സമ്മേളനത്തിന് ഇന്ന് (മാർച്ച് 9) സർവകലാശാല കാമ്പസിൽ തുടക്കമാകും. രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ . സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും . സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ. ഇ.വി. രാമസാമി അധ്യക്ഷത വഹിക്കും.

കൈപ്പുസ്തകത്തിന്റെ പ്രകാശനം എ .സി.ഇ.എസ്.എസ്.ഡി. ഡയറക്ടർ ഡോ . എ.പി. തോമസ് നിർവ്വഹിക്കും. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അജിത് ഹരിദാസ് മുഖ്യ പ്രഭാഷണം നടത്തും. സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എൻ. കൃഷ്ണൻ, പ്രൊഫ. സി.ടി. അരവിന്ദകുമാർ, ഡോ. മഹേഷ് മോഹൻ എന്നിവർ പങ്കെടുക്കും. വിവിധ വിഷയങ്ങളിൽ വിനയ് പി. അനീജ (അമേരിക്ക), ജോൺ വെഗ്നർ (അയർലന്റ്), യോഷിസുമി കാജി (ജപ്പാൻ), അഭിജിത് ചാറ്റർജി, എം. വേലൻ, ഇ.വി. രാമസാമി, ജോൺ റിച്ചാർഡ് തോമസ്, കെ. സൗമ്യ, നന്ദിത സി., മൊഹമ്മദ് ഷഹറുൾ മൊഹമ്മദ് നദ്സീർ (മലേഷ്യ), മുകേഷ് ശർമ്മ (ഐ.ഐ.ടി. കാൺപൂർ), കെ.പി. പ്രതീഷ്, അലാംഹവിഷ്, പി. ശ്രീജ, അമിത് കുമാർ യാദവ്, എം.എസ്. ശൈലേഷ്, എൽ. സ്റ്റാൻലി എബ്രഹാം, എൻ.പി. ശ്രീകാന്ത്, അജയ് ഹരിത് എന്നിവർ പ്രബന്ധം അവതരിപ്പിക്കും.

നാളെ (മാർച്ച് 10) മുകുന്ദ എം. ഗൊഗോയ്, ഷുംകോ കാട്ടോ (ജപ്പാൻ), സൂസൻ ബെർട്ടിംഗ്ടൺ (ബ്രിട്ടൺ), തീർഥാങ്കർ ബാനർജി , പുണ്യമൂർത്തി കൃഷ്ണദാസ് , എസ്.കെ. ചന്ദ്രലേഖ, പി.എസ്. ദിവ്യ, വി.എസ്. ചിത്രു, കെ.എ. നിഷാദ്, എം. അബ്ദുൾ ഷുക്കൂർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും . മാർച്ച് 11ന് കോൺഫറൻസ് സമാപിക്കും.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ